**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തസ്വഭവ - മാറാക്കര ഗ്രാമപഞ്ചായത്ത് - കുടിവെള്ള പദ്ധതിയുടെ വൈദ്യുതി ചാർജ് കുടിശ്ശിക പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്ന് അടയ്ക്കുന്നതിനു അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്**

സ.ഉ.(സാധാ) നം. 1638/2019/തസ്വഭവ — തിരുവനന്തപുരം, തീയതി, 30/07/2019

പരാമർശം:- മാറാക്കര ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 12/06/2019 ലെ കത്ത്.

**<u>ഉത്തരവ്</u>**

മലപ്പുറം ജില്ലയിലെ മാറാക്കര ഗ്രാമപഞ്ചായത്തിലെ മൂന്ന് കുടിവെള്ള പദ്ധതികളുടെ വൈദ്യുതി ചാർജ്ജ് കുടിശ്ശിക ഗുണഭോക്തൃ സമിതികൾ അടയ്ക്കാത്തതിനാൽ കെ. എസ്. ഇ. ബി. ജപ്തി നടപടികളുമായി മുന്നോട്ടു പോകുന്നതായും ജപ്തിക്ക് മുമ്പുള്ള ഡിമാന്റ് നോട്ടീസ് പഞ്ചായത്തിന് ലഭിച്ചിരിക്കുകയാണെന്നും, ഗുണഭോക്തൃ സമിതികൾ ഇപ്പോൾ നിലവിലില്ലാത്തതിനാൽ കെ. എസ്. ഇ. ബി യ്ക്ക് അടയ്ക്കാനുള്ള വൈദ്യുതി ചാർജ്ജ് കുടിശ്ശികയായ 59,325/- രൂപ പഞ്ചായത്ത് ഫണ്ടിൽ നിന്നും അടയ്ക്കാനുള്ള അനുവാദം ഉണ്ടാകണമെന്നും പരാമർശ കത്ത് പ്രകാരം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഗ്രാമപഞ്ചായത്തിലെ മൂന്ന് കുടിവെള്ള പദ്ധതികളുടെ വൈദ്യുതി ചാർജ്ജ് കുടിശ്ശിക ഗുണഭോക്തൃ സമിതികൾ അടയ്ക്കാത്തതിനാൽ കെ. എസ്. ഇ. ബി യ്ക്ക് അടയ്ക്കാനുള്ള വൈദ്യുതി ചാർജ്ജ് കുടിശ്ശികയായ 59,325/- (അമ്പത്തൊമ്പതിനായിരത്തി മുന്നൂറ്റി ഇരുപത്തിയഞ്ച്) രൂപ മാറാക്കര ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും അടയ്ക്കാനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
ബീനമോൾ.കെ.ജെ,
**ഡെപ്യൂട്ടി സെക്രട്ടറി.**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
പ്രസിഡന്റ്/സെക്രട്ടറി, മാറാക്കര ഗ്രാമപഞ്ചായത്ത്, മാറാക്കര പി.ഒ, മലപ്പുറം-676553
ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ